# തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ. ഉ. (അ) നം. 2886/2009/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 4-11-2009

സംഗ്രഹം.—തദ്ദേശ സ്വയംഭരണം—പഞ്ചായത്ത് വകുപ്പ്—2006-07 വർഷത്തെ ഭരണ റിപ്പോർട്ട് അവലോകനം ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം.—പഞ്ചായത്ത് ഡയറക്ടറുടെ 5-7-2008-ലെ J.S.I./B-4/3847/07 എന്ന നമ്പറിലുള്ള കത്ത്.

## ഉത്തരവ്

1. റിപ്പോർട്ട് രേഖപ്പെടുത്തുന്നു.

2. വകുപ്പിന്റെ ഘടനയും ഉദ്യോഗസ്ഥൻമാരും.—2006-07 സാമ്പത്തിക വർഷത്തിൽ വകുപ്പുമന്ത്രി ബഹു. ശ്രീ. പാലോളി മുഹമ്മദ് കുട്ടി ആയിരുന്നു. 1-4-2006 മുതൽ 31-10-2006-ൽ സർവീസിൽനിന്നും വിരമിക്കുന്നതുവരെ ശ്രീ. പി. സി. ജോൺ, ഐ.എ.എസ്. പഞ്ചായത്ത് ഡയറക്ടറുടെ ചുമതല വഹിച്ചു. 31-10-2006 മുതൽ 5-3-2007 വരെ ശ്രീ. ഈപ്പൻ ഫ്രാൻസിസ് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ഭരണം), പഞ്ചായത്ത് ഡയറക്ടറുടെ അധിക ചുമതല വഹിച്ചു. തുടർന്ന് 5-3-2007 മുതൽ സാമ്പത്തിക വർഷാവസാനം വരെ ശ്രീ. എ. അജിത്കുമാർ, ഐ.എ.എസ്. (ഗ്രാമ വികസന കമ്മീഷണർ) പഞ്ചായത്ത് ഡയറക്ടറുടെ ചുമതലകൂടി വഹിക്കുകയുണ്ടായി. ഭരണപരമായ കാര്യങ്ങളിൽ ഡയറക്ടറെ സഹായിക്കാനായി 2 ജോയിന്റ് ഡയറക്ടർമാരും, ഒരു ഫൈനാൻസ് ആഫീസറും, ഒരു അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റും, ഒരു ലാ ആഫീസറും, ജനന മരണ രജിസ്ട്രേഷൻ കാര്യങ്ങളിൽ ഡയറക്ടറെ സഹായിക്കാനായി ഒരു ഡെപ്യൂട്ടി ചീഫ് രജിസ്ട്രാറും ഉണ്ടായിരുന്നു. പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ 14 ജില്ലകളിൽ 14 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ഭരണ നിർവ്വഹണത്തിൽ ഉണ്ടായിരുന്നു.

2006-07 സാമ്പത്തിക വർഷത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പട്ടികവർഗ്ഗ വിഭാഗത്തിൽ എൽ.ഡി. ടൈപ്പിസ്റ്റിന്റെ ഒരു നിയമനം നടത്തിയിട്ടുണ്ട്.

3. പഞ്ചായത്ത് വകുപ്പിലെ ഭരണ വിജിലൻസ് വിഭാഗം.—11-6-1997-ലെ ജി.ഒ. (പി) 34/97/വിജി. നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഓരോ വകുപ്പിലും വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ പ്രത്യേക വിജിലൻസ് വിഭാഗം രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 2006-07 വർഷത്തിൽ പഞ്ചായത്ത് വകുപ്പിൽ ഭരണ വിഭാഗം ജോയിന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. ഈപ്പൻ ഫ്രാൻസിസ് വിജിലൻസ് ഓഫീസറുടെ ചുമതല വഹിച്ചിരുന്നു.

4. അച്ചടക്ക നടപടികൾ.—റിപ്പോർട്ടു വർഷത്തിൽ 14 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും 57 മറ്റു ജീവനക്കാർക്കും കുറ്റപത്രം നൽകി. 9 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരേയും 15 മറ്റു ജീവനക്കാരേയും സസ്പെന്റ് ചെയ്തു. 4 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരേയും 8 മറ്റു ജീവനക്കാരേയും സർവീസിൽ പുനഃപ്രവേശിപ്പിച്ചു. 10 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും 50 മറ്റു ജീവനക്കാർക്കുമെതിരായ അച്ചടക്ക നടപടികളിൽ അന്തിമ ഉത്തരവ് നൽകുകയും ചെയ്തു.

5. ആഡിറ്റ് റിപ്പോർട്ട്.—2006-07 വർഷത്തിൽ പഞ്ചായത്ത് വകുപ്പിൽ 1-4-2006-ൽ നിലവിൽ ഉണ്ടായിരുന്ന ആഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം 1-ഉം ആഡിറ്റ് തടസ്സങ്ങളുടെ എണ്ണം 10-ഉം ആയിരുന്നു. 2006-07 സാമ്പത്തിക വർഷത്തിൽ ലഭിച്ച ആഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം 1 ആയിരുന്നു. തടസ്സങ്ങളൊന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഈ കാലയളവിൽ തീർപ്പാക്കിയ ആഡിറ്റ് റിപ്പോർട്ടുകളോ തടസ്സങ്ങളോ ഇല്ല. 31-3-2007-ൽ ബാക്കിയുള്ള ആഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം 14-ഉം ആഡിറ്റ് തടസ്സങ്ങളുടെ എണ്ണം 91-ഉം ആണ്.

6. കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്.—നടപ്പു സാമ്പത്തിക വർഷാരംഭത്തിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീമിൽ 10735 അക്കൗണ്ടുകൾ ഉണ്ടായിരുന്നു. ഇതിൽ 29 അക്കൗണ്ടുകൾ ജനറൽ പ്രോവിഡന്റ് ഫണ്ടിലേയ്ക്ക് മാറ്റുകയും 649 അക്കൗണ്ടുകൾ തീർപ്പാക്കുകയും ചെയ്തു. പുതിയതായി ആരംഭിച്ച 1051 ഉൾപ്പെടെ 31-3-2007-ൽ 11108 അക്കൗണ്ടുകൾ നിലവിൽ ഉണ്ടായിരുന്നു. 2006-07 സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ അനുവദിച്ച തുക 1,06,48,682 രൂപയാണ്. 2006-07 സാമ്പത്തിക വർഷത്തിൽ താൽക്കാലിക വായ്പയായി അനുവദിച്ച തുക 4,94,08,283 രൂപയാണ്.

7. പഞ്ചായത്ത് ദിനാഘോഷവും സ്വരാജ് ട്രോഫി വിതരണവും.—2007 ഫെബ്രുവരി 19, റിപ്പോർട്ടു വർഷത്തിൽ പഞ്ചായത്ത് ദിനമായി ആഘോഷിച്ചു. ഗ്രാമ പഞ്ചായത്തുകളുടെ ഭരണം കുറ്റമറ്റതാക്കുന്നതിനും പദ്ധതി വിഹിതം ഗ്രാമ വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാനും വേണ്ടി ഏർപ്പാട് ചെയ്തിട്ടുള്ള അവാർഡാണ് സ്വരാജ് ട്രോഫി. ഈ രംഗത്ത് മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന ഗ്രാമ പഞ്ചായത്തുകളെ ആദരിക്കുന്നത് ഈ സ്ഥാപനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുമെന്നതിനാലാണ് സർക്കാർ എല്ലാ വർഷവും മികച്ച പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് ആദരിക്കുവാൻ തീർച്ചപ്പെടുത്തിയത്.

2005-06 സാമ്പത്തിക വർഷത്തേയ്ക്കുള്ള സ്വരാജ് ട്രോഫി തൃശ്ശൂർ ജില്ലയിലെ ആടാട്ട് ഗ്രാമ പഞ്ചായത്തിനും മികച്ച ബ്ലോക്കു പഞ്ചായത്തിനുള്ള അവാർഡ് നിലമ്പൂർ, പഴയന്നൂർ, ഇത്തിര എന്നീ ബ്ലോക്കു പഞ്ചായത്തുകൾക്കുമാണ് ലഭിച്ചത്.

എന്നാൽ 2006-07 സാമ്പത്തിക വർഷത്തെ മികച്ച ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ റിപ്പോർട്ട് വർഷത്തിൽ പൂർത്തിയായിട്ടില്ല.

8. പെൻഷൻ കോൺട്രിബ്യൂഷൻ.—2006-07 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽനിന്നും ഒടുക്കിയ പെൻഷൻ കോൺട്രിബ്യൂഷൻ തുക 12,74,12,472 രൂപയാണ്.

9. കേരള മുനിസിപ്പാലിറ്റി ബിൽഡിങ്ങ് റൂൾസ്.—2006-07 സാമ്പത്തിക വർഷത്തിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിങ്ങ് റൂൾസ് നടപ്പിലാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്ത് തൃക്കാക്കര ഗ്രാമ പഞ്ചായത്താണ്. 6-11-2006 മുതലാണ് നിയമം നടപ്പിലാക്കി തുടങ്ങിയത്. 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിങ്ങ് റൂൾസ് നടപ്പിലാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം 186 ആണ്. (31-3-2007-ലെ കണക്കുപ്രകാരം)

2006-07 സാമ്പത്തിക വർഷത്തിൽ ബിൽഡിങ്ങ് ലീസ് ആന്റ് റെന്റ് കൺട്രോൾ ആക്ട് 1965 നടപ്പിലാക്കിയ ഗ്രാമ പഞ്ചായത്തുകൾ ഒന്നും തന്നെ ഇല്ല. 100% നികുതി പിരിവ് നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം 301 ആണ്.

10. നോൺ പ്ലാൻ സ്കീമുകൾ:

1. ഉദ്യോഗസ്ഥരുടെ പരിശീലനം.—പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കില മുഖേന പരിശീലനം നൽകുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ 1,60,000 രൂപ വകയിരുത്തിയിട്ടുണ്ട്.

2. മൂന്നാം ധനകാര്യകമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് പരമ്പരാഗത ചുമതലകൾ നിർവഹിക്കുന്നതിനായി 2,19,48,81,000 രൂപ വകയിരുത്തിയത് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകി.

3. റോഡ്- നോൺ റോഡ് ആസ്തികൾ.—റോഡ് ആസ്തികളുടെ സംരക്ഷണത്തിനായി നടപ്പു സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള 1,00,45,89,000 രൂപ റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് വകയിരുത്തിയിട്ടുള്ള 1,18,67,93,000 രൂപ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുകയുണ്ടായി.

4. പഞ്ചായത്ത് ജേണൽ.—2515-00-101-98 എന്ന ശീർഷകത്തിൽ പഞ്ചായത്ത് രാജ് ജേണലിന്റെ പ്രസിദ്ധീകരണത്തിനായി നടപ്പു സാമ്പത്തിക വർഷത്തിൽ 6,23,000 രൂപ വകയിരുത്തിയിട്ടുണ്ട്.

5. റെയിൽവേ ക്രോസിങ്ങുകളുടെ സംരക്ഷണം.—റെയിൽവേ ക്രോസിങ്ങുകളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനുമായി പഞ്ചായത്തുകൾ ചെലവഴിക്കുന്ന തുകയുടെ പകുതി ഗ്രാന്റായി നൽകുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ 2,90,000 രൂപ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകി.

11. നോൺ പ്ലാൻ ഗ്രാന്റുകൾ.—2006-07 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ സ്കീമിന്റെ വരവ് 4,38,72,86,000 രൂപ ചെലവ് 4,38,71,03,643 രൂപയുമാണ്.

12. 2006-07-ലെ പ്ലാൻ പദ്ധതികൾ.—ഗ്രാമ പഞ്ചായത്തുകൾ പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നു. ഇതിൽ മൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ വികസനവും അഭിവൃദ്ധിപ്പെടുത്തലും എന്ന ശീർഷകത്തിൽ 78,553.43 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

1. ഓഫീസുകൾ നവീകരിക്കലും കമ്പ്യൂട്ടർ സ്ഥാപിക്കലും.—പഞ്ചായത്ത് ഡയറക്ടറേറ്റ്, ജില്ലാ ഓഫീസുകൾ എന്നിവ കമ്പ്യൂട്ടർവൽക്കരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പരിപാടിക്കുവേണ്ടി വകയിരുത്തിയിട്ടുള്ള 15 ലക്ഷം രൂപ ഇൻഫർമേഷൻ കേരള മിഷന് നൽകി.

2. കമ്പ്യൂട്ടർവൽക്കരണം.—ഗ്രാമ പഞ്ചായത്തുകൾ കമ്പ്യൂട്ടർവൽക്കരിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള 80 ലക്ഷം രൂപ ഇൻഫർമേഷൻ കേരള മിഷന് കൈമാറി.

3. പെർഫോർമൻസ് ആഡിറ്റ് ടീമിന് പരിശീലനം.—പെർഫോർമൻസ് ആഡിറ്റ് ടീമിന് പരിശീലനം നൽകുന്നതിന് 8 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കിലയെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.

4. കിലയ്ക്കുള്ള ധനസഹായം.—ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥൻമാർക്കും പരിശീലനം നൽകുന്നതിന് കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള 4,13,00,000 രൂപയ്ക്ക് പുറമേ നോൺ പ്ലാൻ സ്കീമിൽ 6,62,000 രൂപ കൂടി വകകൊള്ളിച്ചിട്ടുണ്ട്. കിലയുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ നേരിട്ടാണ് ഫണ്ട് നൽകുന്നത്.

5. പൊതു ശ്മശാനങ്ങൾക്കുള്ള ധനസഹായം.—26-3-2007 തീയതിയിലെ ജി.ഒ. (എംഎസ്) നമ്പർ 89/07/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും 30-3-2007-ലെ ജി.ഒ. (എംഎസ്) നമ്പർ 99/07/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും 2515-00-198-50 എന്ന ശീർഷകത്തിൽ അനുവദിച്ച 45 ലക്ഷം രൂപ 45 ഗ്രാമ പഞ്ചായത്തുകൾക്ക് ഓരോ ലക്ഷം രൂപ എന്ന ക്രമത്തിൽ നൽകുകയുണ്ടായി.

13. ഭരണ നവീകരണ പരിപാടി.—ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി പൊതു സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ച് ഭരണം മെച്ചപ്പെടുത്തുന്നതിന് അനുയോജ്യമായ ഉദ്യമങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുവാനുള്ള ചുമതല ഇൻഫർമേഷൻ കേരള മിഷൻ, കില എന്നീ സ്ഥാപനങ്ങളെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 102 ഗ്രാമപഞ്ചായത്തുകളിൽ സേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിന് നടപ്പു സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. 2005-06 കാലഘട്ടത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ തുക വിതരണം ചെയ്തിട്ടുണ്ട്.

14. കേരള വികസന പദ്ധതി.—തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് ഇനത്തിൽ 3-ാം ധനകാര്യകമ്മീഷന്റെ ശുപാർശ പ്രകാരം 2006-07 സാമ്പത്തിക വർഷത്തിൽ ലഭ്യമായ 78,553.43 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചു. പൊതുവിഭാഗത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽനിന്നും 335 ലക്ഷം രൂപ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതിനായി മാറ്റിവെച്ചിട്ടുണ്ട്.

2006-07 സാമ്പത്തിക വർഷത്തിൽ ജനറൽ വിഭാഗത്തിൽ 4,80,20,83,212 രൂപയും പട്ടികജാതി വിഭാഗത്തിൽ 1,83,19,75,376 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ 25,31,68,286 രൂപയും ഉൾപ്പെടെ മൊത്തം 6,88,72,26,874 രൂപ ചെലവഴിച്ചു. ഇത് അനുവദിച്ച തുകയുടെ 87.67% ആണ്.

15. ആർ.ഐ.ഡി.എഫ്. (ഗ്രാമീണ മാർക്കറ്റ് യാർഡ്).—നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്.) ഉപയോഗിച്ച് ഗ്രാമ പഞ്ചായത്തുകളിൽ ഗ്രാമീണ മാർക്കറ്റ്

യാർഡ് നിർമ്മാണ പദ്ധതി 2003-ൽ ആരംഭിച്ചു. 102 ഗ്രാമ പഞ്ചായത്തുകളിലായി 106 മാർക്കറ്റ് നിർമ്മാണ പ്രോജക്ടുകൾക്ക് ഈ പദ്ധതിയിൽ അംഗീകാരം നൽകിയിട്ടുണ്ട്. പഞ്ചായത്തല സൗകര്യമുള്ള 50 സെന്റ് ഭൂമി സ്വന്തമായിട്ടുള്ള പഞ്ചായത്തുകളെയാണ് ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി 15 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്കാണ് നബാർഡ് അംഗീകാരം നൽകിയത്.

അടങ്കൽ തുകയുടെ 10% പഞ്ചായത്തുകൾ വഹിക്കണം. ഈ പദ്ധതി ഗ്രാമവികസനത്തിനും പ്രാദേശിക പിന്നോക്കാവസ്ഥയും പരിഹരിക്കുവാൻ സഹായമാകുന്ന ഒന്നാണ്.

16. ധന വിനിയോഗം.—1-4-2004 മുതൽ നിലവിൽ വന്ന പുതിയ അക്കൗണ്ടിംഗ് സംവിധാനം മുഖേന പഞ്ചായത്തുകളിൽ ഒറ്റ ക്യാഷ് ബുക്കും ദിനംപ്രതിയുള്ള ക്യാഷ് ക്ലോസിംഗും കണക്കുകൾ സൂക്ഷിക്കുന്നതിന് ഐകരൂപ്യവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും പുതിയ സംവിധാനത്തിന് അനുസൃതമായ ചട്ടങ്ങൾ ഇനിയും പുറപ്പെടുവിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള വസ്തുക്കളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ഇനം തിരിച്ച് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനായി വികേന്ദ്രീകൃത സഹായ പരിപാടിയുടെ ഭാഗമായി സർക്കാർ ഉത്തരവുപ്രകാരം 2005-06 സാമ്പത്തിക വർഷത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള സംസ്ഥാന പരിപാടികൾക്ക് തുടക്കം കുറിച്ചു. ഇപ്രകാരം തയ്യാറാക്കി അംഗീകരിച്ച ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്ന പ്രവർത്തനവും റിപ്പോർട്ടുവർഷത്തിൽ നടപ്പാക്കിയിരുന്നു. ഒട്ടുമിക്ക ഗ്രാമ പഞ്ചായത്തുകളിലും ഈ പ്രക്രിയ പൂർത്തിയായെങ്കിലും ചില ഗ്രാമ പഞ്ചായത്തുകളിൽ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുവാൻ ഇനിയും ബാക്കിയുണ്ട്.

17. പെർഫോർമൻസ് ആഡിറ്റ്.—പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകളും പഞ്ചായത്തിനെ ഏൽപ്പിച്ച അധികാരങ്ങളും നിയമാനുസൃതം കാര്യക്ഷമമായും ഫലപ്രദമായും വിനിയോഗിക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ പരിഹരിക്കുന്നതിന് യഥാസമയം നിർദ്ദേശങ്ങൾ നൽകുന്നതിനുമായി 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പെർഫോർമൻസ് ആഡിറ്റ് എന്ന ഭരണ നിർവ്വഹണ പരിശോധനാ സംവിധാനം നിലവിൽ ഉണ്ട്.

സംസ്ഥാന തലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി പെർഫോർമൻസ് ആഡിറ്റ് അതോറിറ്റിയായും അദ്ദേഹത്തെ സഹായിക്കുന്നതിനായി സംസ്ഥാന പെർഫോർമൻസ് ആഡിറ്റ് ആഫീസറും പ്രവർത്തിക്കുന്നു.

ഗ്രാമ പഞ്ചായത്തുകളിൽ പെർഫോർമൻസ് ആഡിറ്റ് നടത്തുന്നതിനായി ജില്ലാ പെർഫോർമൻസ് ആഡിറ്റ് ആഫീസറായ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ നിയന്ത്രണത്തിൽ സീനിയർ സൂപ്രണ്ടുമാരുടെ നേതൃത്വത്തിലുള്ള 86 പെർഫോർമൻസ് ആഡിറ്റ് ടീമുകൾ സംസ്ഥാനത്തുണ്ട്. പെർഫോർമൻസ് ആഡിറ്റ് ടീമുകളുടെ ഭരണപരമായ നിയന്ത്രണം പഞ്ചായത്ത് ഡയറക്ടർക്കും പ്രവർത്തന നിയന്ത്രണം സംസ്ഥാന പെർഫോർമൻസ് ആഡിറ്റ് ആഫീസർക്കുമാണ്.

18. ഹിന്ദു വിവാഹ രജിസ്ട്രേഷൻ.—1955-ലെ ഹിന്ദു വിവാഹ നിയമപ്രകാരം സംസ്ഥാനത്ത് നടക്കുന്ന എല്ലാ ഹിന്ദു വിവാഹങ്ങളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. 1957-ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ 20-5-1959 മുതലാണ് നിലവിൽ വന്നത്. അതിനാൽ പ്രസ്തുത തീയതിയ്ക്ക് മുമ്പുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയുകയില്ല.

പഞ്ചായത്ത് ഡയറക്ടർ വിവാഹ രജിസ്ട്രാർ ജനറലായും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ലോക്കൽ രജിസ്ട്രാറായും പ്രവർത്തിക്കുന്നു.

വിവാഹം നടന്ന് 15 ദിവസത്തിനുള്ളിൽ ഭാര്യാ ഭർത്താക്കൻമാർ ഒപ്പിട്ട വിവാഹ റിപ്പോർട്ട് പ്രാദേശിക രജിസ്ട്രാർക്ക് നൽകണമെന്നാണ് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 15 ദിവസത്തിന് ശേഷം 30 ദിവസം വരെ കാലതാമസം മാപ്പാക്കി രജിസ്ട്രേഷൻ നടത്തുന്നതിന് രജിസ്ട്രാർമാർക്ക് അധികാരമുണ്ട്. അതിനുശേഷം രജിസ്ട്രേഷൻ നടത്തുന്നതിന് പ്രത്യേകാനുമതി ആവശ്യമാണ്.

19. ജനനമരണ രജിസ്ട്രേഷൻ.—1969-ലെ ജനനമരണ രജിസ്ട്രേഷൻ നിയമം നിലവിൽ വരുന്നതുവരെ ഇന്ത്യയിൽ ഒരു ഏകീകൃത സിവിൽ രജിസ്ട്രേഷൻ സംവിധാനം നിലവിൽ ഉണ്ടായിരുന്നില്ല. 1-4-1970 മുതൽ സംസ്ഥാനത്ത് ജനന മരണ രജിസ്ട്രേഷൻ നിയമം നിലവിൽ വന്നു. 1-7-1970 മുതൽ ഈ നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ നിലവിൽ വന്നു. 1-1-2000 മുതൽ പ്രസ്തുത ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിക്കുകയും ചെയ്തു.

ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, കണ്ണൂർ കന്റോൺമെന്റ് ബോർഡ് എന്നിവയാണ് പ്രാദേശിക രജിസ്ട്രേഷൻ യൂണിറ്റുകൾ. ജനനവും മരണവും സംഭവ ദിവസം മുതൽ 21 ദിവസത്തിനകം പ്രാദേശിക രജിസ്ട്രേഷൻ യൂണിറ്റുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇത് നിയമാനുസരണം നിർബന്ധമാണ്. നിശ്ചിത ദിവസം കഴിഞ്ഞാൽ സംഭവദിവസം മുതൽ 30 ദിവസം വരെ 2 രൂപ പിഴ ഒടുക്കിയും ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറുടെ അനുമതിയോടെ 5 രൂപ പിഴ ഒടുക്കിയും അതിന് ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതിയോടെ 10 രൂപ പിഴ ഒടുക്കിയും ജനന-മരണങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറാണ് ജനന-മരണ ചീഫ് രജിസ്ട്രാർ.

2006 ജനുവരി മാസം 1-ാം തീയതി മുതൽ 2006 ഡിസംബർ മാസം 31 വരെ കേരളത്തിലെ 999 റൂറൽ രജിസ്ട്രേഷൻ യൂണിറ്റുകൾ മുഖേന 218,667 ജനനങ്ങളും 151,158 മരണങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 59 അർബൻ രജിസ്ട്രേഷൻ യൂണിറ്റുകളിൽ ഇത് യഥാക്രമം 341466, 71491 എന്ന ക്രമത്തിലാണ്. സംസ്ഥാനത്ത് ഒട്ടാകെ 1,058 സിവിൽ രജിസ്ട്രേഷൻ യൂണിറ്റുകളിലായി 560,133 ജന നങ്ങളും 222,649 മരണങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

20. വിവരാവകാശ നിയമം.—2005-ലെ കേന്ദ്ര വിവരാവകാശനിയമമനുസരിച്ച് പഞ്ചായത്ത് വകുപ്പിലെ ഓരോ ഓഫീസും ഓരോ പബ്ലിക് അതോറിറ്റിയായി കണക്കാക്കി ഓരോ തലത്തിലും സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ

ഓഫീസർ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പലേറ്റ് അതോറിറ്റി എന്നിവരെ നിയമിച്ചിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാന തലത്തിൽ ജോയിന്റ് ഡയറക്ടർ (ഭരണം) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും, പഞ്ചായത്ത് ഡയറക്ടർ അപ്പലേറ്റ് അതോറിറ്റിയും ആണ്.

21. നിർമ്മൽ ഗ്രാമ പുരസ്കാരം.—കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ നിർമൽ ഗ്രാമ പുരസ്കാരം 2006-07 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ 220 ഗ്രാമ പഞ്ചായത്തുകൾക്ക് ലഭിക്കുകയുണ്ടായി. എല്ലാ വീടുകളിലും സ്കൂളുകളിലും അംഗൻവാടികളിലും പൊതുസ്ഥലങ്ങളിലും സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തുക, ആരോഗ്യബോധവൽക്കരണ പരിപാടികൾ സാധാരണക്കാരിൽ എത്തിക്കുക, ശുദ്ധമായ കുടിവെള്ള സൗകര്യം ഉറപ്പുവരുത്തുക, വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിൽ വരുത്തുക, ജലജന്യ രോഗങ്ങൾ തടയുന്നതിനും ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ് നിർമൽ പുരസ്കാരത്തിനായി പരിഗണിക്കുവാനുള്ള മാനദണ്ഡം.

കേന്ദ്ര ഗ്രാമ വികസന വകുപ്പ്, രാജീവ്ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷൻ പഞ്ചായത്ത് രാജ് വകുപ്പ്, വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ എന്നിവ നടത്തിയ പഠനങ്ങളിലൂടെയാണ് നിർമ്മൽ ഗ്രാമ പുരസ്കാറിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത്. അവാർഡിന് തെരഞ്ഞെടുക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപാ വീതം അവാർഡ് തുകയായി ലഭിക്കുന്നതാണ്

22. മാനവവിഭവശേഷി വികസനം.—മാനവവിഭവശേഷി വികസിപ്പിക്കുന്നതിനായി പഞ്ചായത്തു വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥൻമാർക്കും ത്രിതല പഞ്ചായത്തുകളിലെ മെമ്പർമാർക്കും ഐ.എം.ജി., കില, ഐ.കെ.എം. തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന വിവിധ കാലയളവുകളിൽ പരിശീലനം നൽകിവരുന്നു.

23. കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി.—കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളും അംഗങ്ങളായി കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി 1986-ൽ തിരുവനന്തപുരം ആസ്ഥാനമായി ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

ഗ്രാമ പ്രദേശങ്ങളിലെ ജനങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവാൻ കഴിയുന്ന രീതിയിലുള്ള ഗ്രാമീണ തൊഴിലുകളിൽ പരിശീലനം നൽകുന്നതിനുള്ള കേന്ദ്രങ്ങൾ കേരളത്തിന്റെ നാനാ ഭാഗത്തും സ്ഥാപിച്ച് തൊഴിലവസരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക എന്നുള്ള സൊസൈറ്റിയുടെ മുഖ്യലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് റിപ്പോർട്ട് വർഷം പ്രാമുഖ്യം നൽകിയിട്ടുള്ളത്.

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിരുന്ന പേ റിവിഷൻ ആനുകൂല്യങ്ങൾ ക്രൂസ്, ഗ്രാമലക്ഷ്മി മുദ്രാലയം എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കി.

ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ 2005-06 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം ലാഭം 38,52,137 രൂപയാണ്.

24. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്.—പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ (ജനനം-മരണം) മേൽനോട്ടത്തിൽ ഒരു സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് ജനന-മരണ വിഭാഗവുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് വകുപ്പിന്റെ ഭരണ റിപ്പോർട്ട് തയ്യാറാക്കുന്നു. ജനന മരണ പ്രതിമാസ പുരോഗതി റിപ്പോർട്ട്, വാർഷിക റിപ്പോർട്ട് ഇവ രജിസ്ട്രേഷൻ യൂണിറ്റുകളിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ടാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തോടെ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് അയച്ചുകൊടുക്കുന്നു. ഇത് കൂടാതെ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവശ്യപ്പെടുന്ന ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് ഡയറക്ടറുടെ അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് ഇവ നൽകിവരുന്നു.

25. ഉപസംഹാരം.—ആസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ സാമ്പത്തിക വർഷവും പഞ്ചായത്ത് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തുവകുപ്പിന്റെ 2006-07 വർഷത്തെ ഭരണ റിപ്പോർട്ടിന്റെ 1700 പ്രതികൾ അച്ചടിച്ച് 1500 പ്രതികൾ പഞ്ചായത്ത് ഡയറക്ടർക്കും 200 പ്രതികൾ സർക്കാരിനും അയച്ചുതരുന്നതിന് തിരുവനന്തപുരം പ്രിന്റിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

രാജേഷ്കുമാർ സിംഗ്,

ഗവ. സെക്രട്ടറി.